# അക്കാദമിക
# മാസ്റ്റർ പ്ലാൻ
## 2025 - 26

GLPS പ്രമാടം

SASIKALA P.R.
HEADMISTRESS
Pen Number : 556437
...L.P.SCHOOL, PRAMADOM

## ആമുഖം

പത്തനംതിട്ട ജില്ലയിൽ പ്രമാടം ഗ്രാമപഞ്ചായത്തിലാണ് ഗവ. എൽ. പി. എസ് പ്രമാടം സ്ഥിതി ചെയ്യുന്നത്. കോന്നി ഉപജില്ലയിലെ ഏറ്റവും കൂടുതൽ കുട്ടികൾ ഉള്ള മൂന്നാമത്തെ സ്കൂളാണിത്. ഗുണമേന്മയുള്ള വിദ്യാഭ്യാസം കുട്ടികളുടെ അവകാശമാണ് എന്ന വസ്തുത പ്രാവർത്തികമാക്കിക്കൊണ്ട് അക്കാദമിക രംഗത്തും കലാരംഗത്തും കായികരംഗത്തും ഒരു പോലെ മികവ് വർദ്ധിപ്പിക്കാൻ സ്കൂളിന് കഴിയുന്നു.

അക്കാദമിക രംഗത്തെ മികവിന് കാരണം ചിട്ടയായ പ്ലാനിങ്ങും അതിനനുസരിച്ചുള്ള പ്രവർത്തനങ്ങളുമാണ്. അക്കാദമിക രംഗത്തെ മികവ് നിലനിർത്തിക്കൊണ്ട് മുന്നോട്ടും കൂടുതൽ ഗുണപരമായ പാഠ്യപാഠ്യേതര പ്രവർത്തനങ്ങൾ ഏറ്റെടുത്ത് നടത്താനുമാണ് ഈ അക്കാദമിക മാസ്റ്റർപ്ലാൻ തയ്യാറാക്കിയത്.

## ലക്ഷ്യങ്ങൾ

- ഓരോ വിദ്യാർഥിക്കും വിദ്യാലയ അന്തരീക്ഷവും പഠനപ്രവർത്തനവും അങ്ങേയറ്റം ആസ്വാദ്യകരമാക്കുന്നു.
- കുട്ടികളുടെ പൂർണപങ്കാളിത്തം ഉറപ്പാക്കാനുള്ള പ്രവർത്തനങ്ങൾ
- കുട്ടികൾക്ക് ക്ലാസ് മുറിയിലെ പഠനപ്രവർത്തനങ്ങൾക്ക് പുറമേ കലാ, കായിക, പ്രവൃത്തിപരിചയ പഠനപ്രവർത്തനങ്ങളിൽ സജീവമായി ഇടപെടുന്നതിനുള്ള സംവിധാനങ്ങൾ ഒരുക്കുന്നു.
- പഠനപിന്തുണാ സഹായികളായ ലാബുകൾ, ലൈബ്രറി കമ്പ്യൂട്ടറുകൾ എന്നിവ പരമാവധി പ്രയോജനപ്പെടുത്തുന്നു.
- സുസ്ഥിര വികസന കാഴ്ചപ്പാടിലൂന്നി വിദ്യാലയങ്ങളിലെ വിഭവങ്ങൾ (കളിയുപകരണങ്ങൾ, ഉദ്യാനം) എന്നിവ വിദ്യാർത്ഥികൾക്ക് ഉപയോഗപ്രദമാക്കുന്നു.
- വിദ്യാർത്ഥികളും വിദ്യാർഥികളും തമ്മിലും വിദ്യാർഥികളും അധ്യാപകരും തമ്മിലും അധ്യാപകരും അധ്യാപകരും തമ്മിലും അധ്യാപകരും സമൂഹവും തമ്മിലും ഊഷ്മളമായ ബന്ധങ്ങൾ ഉണ്ടാക്കാനുള്ള പ്രവർത്തനങ്ങൾ സംഘടിപ്പിക്കുന്നു.
- ഓരോ വിദ്യാർഥിയെയും ഒരു യൂണിറ്റായി കണ്ടുകൊണ്ട് അവരുടെ പരമാവധി വികസനം സാധ്യമാക്കുന്നു

തരത്തിൽ വിദ്യാലയങ്ങളെ സജ്ജമാക്കുന്നു.

- പ്രത്യേക പരിഗണന അർഹിക്കുന്നതുമായ കുട്ടികളുടെ അക്കാദമിക ഗുണനിലവാരം ഉറപ്പാക്കുന്ന പ്രത്യേക പരിപാടികൾ ആസൂത്രണം ചെയ്യുന്നു.

# സ്കൂൾ വിവരങ്ങൾ

റവന്യൂ ജില്ല : പത്തനംതിട്ട

സ്കൂൾ കോഡ് : 38709

സ്കൂളിന്റെ പേര് : ഗവ. എൽ. പി. എസ് പ്രമാടം

മേൽവിലാസം : മല്ലശ്ശേരി. പി. ഒ
പത്തനംതിട്ട ജില്ല.

പിൻകോഡ് : 689646

ഫോൺ നമ്പർ :

ഇ-മെയിൽ അഡ്രസ് : Glps pramadom 1915@gmail.com

ഗ്രാമ പഞ്ചായത്ത് : പ്രമാടം

വിദ്യാഭ്യാസ ജില്ല : പത്തനംതിട്ട

സബ്ജില്ല : കോന്നി

ക്ലാസ്സുകൾ : LKG മുതൽ 4 വരെ

മാനേജ്മെന്റ് : ഗവൺമെന്റ്

പഠനമാധ്യമം : മലയാളം

# ഇംഗ്ലീഷ് ഭാഷാപഠനം.

| ലക്ഷ്യം | പ്രവർത്തനം | കാലം | ചുമതല | സാമ്പത്തി |
|---|---|---|---|---|
| എല്ലാ കുട്ടികൾക്കും ഇംഗ്ലീഷ് നന്നായി വായിക്കുവാനും എഴുതുവാനും സംസാരിക്കുവാനുമുള്ള ശേഷി വികസനം | 1) ഇംഗ്ലീഷിൽ ക്ലാസ്സ് കൈകാര്യം ചെയ്യുന്നു. | എല്ലാ ക്ലാസ്സും | ക്ലാസ്സ് ടീച്ചർ | |
| | 2) ആഴ്ചയിൽ ഒരു ദിവസം ഇംഗ്ലീഷ് അസംബ്ലി | ആഴ്ചയിൽ ഒരു ദിവസം | ക്ലാസ്സ് ടീച്ചർ | |
| | 3) ഇംഗ്ലീഷിൽ കഥ കവിത തുടങ്ങിയ രചനകൾ നടത്തുന്നു. | 3 മാസത്തിൽ ഒരിക്കൽ. | | |
| | 4) ഇംഗ്ലീഷ് ന്യൂസ് റീഡിംഗ് | ആഴ്ചയിൽ ഒരിക്കൽ | | |
| | 5) ഇംഗ്ലീഷ് സിനിമ പ്രവർത്തനം | 3 മാസത്തിൽ ഒരിക്കൽ. | | |
| വായന പരിപോഷിപ്പിക്കൽ | 6) ലൈബ്രറി - ഇംഗ്ലീഷ് പുസ്തകം വായിപ്പിക്കുന്നു. | മാസത്തിൽ രണ്ടു തവണ. | | |
| കുട്ടികളുടെ രചന സമൂഹത്തിലേക്ക് | കുട്ടികളുടെ രചന പ്രസിദ്ധപ്പെടുത്തുന്നു | പ്രതിമാസം | ക്ലാസ്സ് ടീച്ചർ. | PTA |

# മലയാളം

| ലക്ഷ്യം | പ്രവർത്തനം | കാലം | ചുമതല | സാമ്പത്തികം |
|---|---|---|---|---|
| 1) എല്ലാ കുട്ടികൾക്കും മലയാളം എഴുതുവാനും വായിക്കുവാനും ഉള്ള ശേഷി വികസനം | 1) അക്ഷര കാർഡുകൾ<br>2) ചിഹ്നം കാർഡുകൾ<br>3) പദനിർമാണം<br>4) വാക്യനിർമാണം<br>5) ഭാഷാപരമായി പിന്നോക്കം നിൽക്കുന്ന കുട്ടികൾക്ക് പ്രത്യേകം ക്ലാസ്സ് | 1 വർഷകാലം | ക്ലാസ്സ്ടീച്ചർ | |
| 2) എല്ലാ കുട്ടികളെയും സ്വതന്ത്രവായനക്കാരാക്കുക. | 1) ക്ലാസ് ലൈബ്രറി<br>2) വായനോത്സവം<br>3) റീഡേഴ്സ് തിയേറ്റർ<br>4) ചങ്ങല വായന | 1 വർഷം<br>ആവശ്യാനുസരിച്ച് | അധ്യാപകർ | |
| | 5) പത്രവാർത്ത | എല്ലാദിവസവും | | |
| | 6) പത്രക്വിസ് | ആഴ്ചയിൽ ഒരു ദിവസം | അധ്യാപകർ | |
| | 7) സംയുക്ത ഡയറി | എല്ലാദിവസവും | | |
| | 8) രചനോത്സവം. | | | |
| | 9) അമ്മ വായന. | ആഴ്ചയിൽ ഒന്ന് | രക്ഷിതാക്കൾ | |

# ശാസ്ത്രം

| ലക്ഷ്യം | പ്രവർത്തനം | കാലം | ചുമതല | സാമ്പത്തിക |
|---|---|---|---|---|
| 1. കുട്ടികളിൽ ശാസ്ത്രാഭിരുചി വളർത്തൽ | 1) ലളിതമായ പരീക്ഷണങ്ങളിലൂടെ ശാസ്ത്ര അഭിരുചി വളർത്തൽ. | ആഴ്ചയിൽ ഒന്ന് | സയൻസ് ക്ലബ്ബ് | |
| 2) ശാസ്ത്രമേളകളിൽ പൂർണ്ണപങ്കാളിത്തം ഉറപ്പുവരുത്തൽ | മേളകളിൽ പങ്കെടുക്കുന്ന കുട്ടികൾക്ക് പരമാവധി പ്രോത്സാഹനം നൽകൽ | വർഷത്തിൽ മേള മുതൽ. | അധ്യാപകർ | |
| 3) ശാസ്ത്രപതിപ്പ് തയ്യാറാക്കൽ. | കുട്ടികൾ തയ്യാറാക്കുന്ന ശാസ്ത്രസംബന്ധമായ ലേഖനങ്ങൾ, ശേഖരണങ്ങൾ എന്നിവ ഉപയോഗിച്ച് പതിപ്പ് തയ്യാറാക്കൽ. | | | SRG |
| 4) പൂന്തോട്ടം, പച്ചക്കറിത്തോട്ടം - നിർമ്മാണം. | കുട്ടികളെക്കൊണ്ട് പൂന്തോട്ടം നിർമ്മിക്കുന്നു. പച്ചക്കറികൾ നടുന്നു | സയൻസ് ക്ലബ്ബ് 3 മാസം | സയൻസ് ക്ലബ്ബ്. | PTA |
| 5) പഠനയാത്രയിലൂടെ ചരിത്ര സ്മാരകങ്ങൾ, മ്യൂസിയങ്ങൾ, ക്ഷേത്രകലകൾ തുടങ്ങിയവയെ കുറിച്ച് കൂടുതൽ മനസ്സിലാക്കൽ | സാമൂഹ്യപ്രാധാന്യമുള്ള സ്ഥലങ്ങൾ ചരിത്രസ്മാരകങ്ങൾ തുടങ്ങിയ ഇടങ്ങളിലേയ്ക്ക് പഠനയാത്ര | വർഷത്തിൽ ഒന്ന് | അധ്യാപകർ | PTA |

# ഗണിതം

| ലക്ഷ്യം | പ്രവർത്തനം | കാലം | ചുമതല | സാമ്പത്തികം |
|---|---|---|---|---|
| 1 ഗണിത പഠന പ്രവർത്തനങ്ങൾ ലളിതമാക്കൽ | ഗണിത ലാബിന്റെ സഹായത്തോടെ ഗണിതാശയങ്ങൾ ലളിതമായി അവതരിപ്പിക്കൽ | ജൂൺ - ഫെബ്രുവരി | അധ്യാപിക, ഗണിത ക്ലബ്ബ് | |
| 2 ഗണിതത്തിലെ അടിസ്ഥാന ആശയങ്ങൾ ഉറപ്പിക്കൽ | 1 വർക്ക് ഷീറ്റുകൾ ഉപയോഗിക്കുന്നു. 2. അനുയോജ്യമായ പഠനോപകരണങ്ങൾ ഉപയോഗിച്ച് ആശയങ്ങൾ ഉറപ്പിക്കുന്നു. | ജൂൺ മുതൽ | അധ്യാപകർ | |
| 3 ഗണിത മാഗസിൻ | ഗണിതവുമായി ബന്ധപ്പെട്ട കവിതകൾ പസിലുകൾ, ഗണിത രൂപങ്ങൾ എന്നിവ ഉപയോഗിച്ച് ഗണിതമാഗസിൻ | ജൂൺ മുതൽ ഫെബ്രു- വരിവരെ | ഗണിത ക്ലബ്ബ് | |

## കലാ പരിപോഷണം

| ലക്ഷ്യം | പ്രവർത്തനം | കാലയളവ് | ചുമതല | സാമ്പത്തികം |
|---|---|---|---|---|
| കുട്ടികളുടെ സർഗ വാസനകളെ പരി-പോഷിപ്പിക്കൽ | സംഗീതം, നൃത്തം ചിത്രരചന തുടങ്ങി വ്യത്യസ്തങ്ങളായ കഴിവുകളെ പരിപോഷിപ്പിക്കുന്നതിനുള്ള പരിശീലനങ്ങൾ നൽകൽ | ജൂൺ മുതൽ | സംഗീത അധ്യാപകർ<br>ചിത്രകലാ അധ്യാപകർ | |

## കായിക വിദ്യാഭ്യാസം

| | | | | |
|---|---|---|---|---|
| കുട്ടികളുടെ കായികശേഷി വികസിപ്പിക്കൽ | എല്ലാ കുട്ടികൾക്കും കായിക പരിശീലനങ്ങൾ നൽകുന്നു (കളി ഉപകരണ-ങ്ങൾ) | ജൂൺ മുതൽ. | അധ്യാ-പകർ. | |

## എൽ. എസ്. എസ് പരിശീലനം

| ലക്ഷ്യം | പ്രവർത്തനം | കാലയളവ് | ചുമതല | സാമ്പത്തികം |
|---|---|---|---|---|
| പരമാവധി കുട്ടികൾക്ക് സ്കോളർഷിപ്പ് ലഭ്യമാക്കൽ | സ്കോളർഷിപ്പിനായി പ്രത്യേകപരിശീലന ക്ലാസുകൾ നൽകുന്നു. | ജൂൺ – ഫെബ്രുവരി | അധ്യാപകർ | |

## ആരോഗ്യമുള്ള ശരീരം, മനസ്സ് രൂപപ്പെടുത്തൽ.

| ലക്ഷ്യം | പ്രവർത്തനം | കാലയളവ് | ചുമതല | സാമ്പത്തികം |
|---|---|---|---|---|
| ~~[illegible]~~ ആരോഗ്യമുള്ള ശരീരംമനസ്സ് രൂപപ്പെടുത്തൽ | യോഗ ക്ലാസുകൾ കുട്ടികൾക്ക് നൽകുന്നു. | ആഴ്ചയിൽ 2 ദിവസം | യോഗ അധ്യാപിക | |

## ദിനാചരണങ്ങൾ

| ലക്ഷ്യം | പ്രവർത്തനം | കാലം | ചുമതല | സാമ്പത്തിക |
|---|---|---|---|---|
| വിവിധ ശേഷി കളുടെ വികാസം | ജൂൺ മുതൽ മാർച്ച് വരെ പ്രധാന ദിനാചരണങ്ങൾ പഠനപ്രവർത്തനമായി സംഘടിപ്പിക്കൽ | ജൂൺ- മാർച്ച് | SRG | |

## ക്ലാസ്സ് പി.ടി.എ ശക്തിപ്പെടുത്തൽ

| ലക്ഷ്യം | പ്രവർത്തനം | കാലം | ചുമതല | സാമ്പത്തിക |
|---|---|---|---|---|
| CPTA ശക്തിപ്പെടുത്തി മുഴുവൻ രക്ഷിതാക്കൾക്കും കുട്ടികളുടെ മികവ് പോരായ്മകൾ എന്നിവ തിരിച്ചറിയാനും സഹകരണം ഉറപ്പുവരുത്താനും | • CPTA യോഗം കാര്യക്ഷമമാക്കുക<br>• പഠനമികവുകളുടെ അവതരണം.<br>• പോരായ്മകൾ ബോധ്യപ്പെടുത്തുന്നു. | വർഷത്തിൽ-3 | അധ്യാപകർ | |

## കൗൺസിലിങ്

| ലക്ഷ്യം | പ്രവർത്തനം | കാലം | ചുമതല | സാമ്പത്തിക |
|---|---|---|---|---|
| വിവിധങ്ങളായ പ്രശ്നങ്ങൾ നേരിടുന്ന കുട്ടികൾക്ക് കൗൺസിലിങ് നൽകുക. നല്ല വ്യക്തിത്വം ഉടമകളാക്കുക. | ഗൃഹസന്ദർശനം അഭിമുഖം നിരീക്ഷണം തുടങ്ങിയ വിവിധങ്ങളായ മാർഗങ്ങൾ അവലംബിച്ച് കൗൺസിലിങ് നടത്തൽ | കൗൺസിലിങ് ടീച്ചർ | വർഷത്തിൽ [illegible] | |

## ഉപസംഹാരം

പ്രമാടം ഗവ. എൽ. പി. സ്കൂളിന്റെ ഈ അക്കാദമിക മാസ്റ്റർ പ്ലാൻ സ്കൂളിന്റെ പാഠ്യ-പാഠ്യേതര പ്രവർത്തനങ്ങളുമായി ബന്ധപ്പെട്ട് കൃത്യമായ ദിശാബോധത്തോടെ തയ്യാറാക്കിയതാണ് . ഗുണമേന്മയുള്ള വിദ്യാഭ്യാസം എന്ന ആശയം ഈ അക്കാദമിക് മാസ്റ്റർപ്ലാനിൽ രേഖപ്പെടുത്തിയ പ്രവർത്തനത്തിലൂടെ സാധിക്കും എന്ന വിശ്വാസമാണ് ഞങ്ങൾക്കുള്ളത് . ഇത് നടപ്പിലാക്കാൻ സമൂഹത്തിന്റെയും രക്ഷിതാവിന്റെയും ജനപ്രതിനിധികളുടെയും തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെയും സഹായം കൊണ്ട് സാധിക്കും എന്ന വിശ്വാസത്തോടെയാണ് ഈ അക്കാദമിക മാസ്റ്റർ പ്ലാൻ തയ്യാറാക്കിയത്.

നന്ദി